**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2409** **12-10-2021 - ൽ മറുപടിയ്ക്ക്**

**ആംനസ്റ്റി സ്കീം പ്രകാരം നികുതികുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ ആംനസ്റ്റി സ്കീം പ്രകാരം എത്ര രൂപയുടെ നികുതികുടിശ്ശിക പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്; എത്ര തുകയുടെ നികുതി കുടിശ്ശിക ആണ് പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരുന്നത്; വിശദാംശം നൽകുമോ? | (എ) | 2019-20 വർഷ കാലയളവിലെ ആംനെസ്റ്റി സ്കീം പ്രകാരം 164.14 കോടി രൂപയും 2020-21 വർഷ കാലയളവിലെ ആംനെസ്റ്റി സ്കീം പ്രകാരം 270.37 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്. 2020-21 ലെ ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 214 പ്രകാരം മൊത്ത നികുതി കുടിശ്ശിക 13000 കോടി രൂപയാണ്. 2019-20 ലെ ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 258 പ്രകാരം ഏകദേശം 9957 കോടി രൂപയുടെ നികുതി കുടിശ്ശികയിന്മേൽ 3000 കോടി രൂപ റവന്യൂ റിക്കവറി നടപടികൾ സാധ്യമല്ലായെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതും മൊത്തം കുടിശ്ശികയുടെ 30% വിവിധതരം പിഴകളും പലിശയും ചേർന്നുള്ളതുമാണ്. പിഴയും പലിശയും ഒഴിവാക്കി ബാക്കി തുകയുടെ ഏറ്റവും കുറഞ്ഞത് 40% (തവണകളായി അടച്ചാൽ 50%, ഒറ്റത്തവണ അടച്ചാൽ 40%) ആണ് ലഭ്യമാകുമെന്ന് പ്രതീക്ഷിച്ചിരുന്നത്. |

സെക്ഷൻ ഓഫീസർ